പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 200 — 10.12.2012 ന് മറുപടിക്ക്

## മണൽസംഭരണത്തിനുള്ള പാസ്സിന്റെ ദുരുപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എ.കെ. ബാലൻ** | **ശ്രീ. കെ. ബി. ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)** |
| (എ) വ്യക്തികൾക്ക് ഗൃഹ നിർമ്മാണത്തിന് മണൽ സംഭരിക്കുന്നതിന് വനംവകുപ്പ് പാസ് കൊടുക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) വ്യക്തികൾക്ക് ഗൃഹനിർമ്മാണത്തിന് മണൽ സംഭരിക്കുന്നതിന് വനംവകുപ്പ് പാസ് കൊടുക്കുന്ന പദ്ധതി നിലവിലില്ല. എന്നാൽ വ്യക്തികൾക്ക് മണൽ സംഭരിക്കുന്നതിന് "കലവറ' (നിർമ്മിതി കേന്ദ്രം വഴി) എന്ന സമ്പ്രദായം നേരത്തെ നിലവിലുണ്ടായിരുന്നു. ഈ പദ്ധതി ചില അപാകതകൾ കണ്ടെത്തിയതിനാൽ നിർത്തിവച്ചിരിക്കുകയാണ്. പുതിയ ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) ഈ പദ്ധതിപ്രകാരം മണൽ വിതരണം ചെയ്യുന്ന കടവുകളുടെ പേര് ജില്ലതിരിച്ച് ലഭ്യമാക്കുമോ; | (ബി) സർക്കാരിന്റെ പരിഗണനയിലുള്ള ആറ്റുമണൽ വില്പന പദ്ധതി പ്രകാരം തിരുവനന്തപുരം വനം ഡിവിഷനിലെ കുളത്തൂപ്പുഴ റെയിഞ്ചിൽ ഉൾപ്പെട്ട മിൽപ്പാലം ചോഴിയക്കോട് എന്നീ കടവുകളിൽ നിന്നാണ് മണൽ വിതരണം ഉദ്ദേശിക്കുന്നത്. |
| (സി) ഒരു വ്യക്തിക്ക് ലഭിക്കുന്ന മണലിന്റെ അളവ്, വില, അപേക്ഷാ രീതി എന്നിവ വെളിപ്പെടുത്തുമോ; | (സി) മേൽ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 1 ക്യൂ.മീറ്റർ മുതൽ 10 ക്യൂ.മീറ്റർ വരെ മണൽ ആവശ്യമനുസരിച്ച് നൽകുവാനാണ് ഉദ്ദേശിക്കുന്നത്. മണൽ ആവശ്യമുള്ള വ്യക്തി സ്ഥലം റെയിഞ്ചാഫീസർക്ക് ആവശ്യമായ തിരിച്ചറിയൽ രേഖകൾ, പഞ്ചായത്തിന്റെ പെർമിറ്റിന്റെ കോപ്പി എന്നിവ |

ഉൾപ്പെടെ അപേക്ഷ നൽകേണ്ടതാണ്. **1** ക്യു.മീറ്റർ മണലിന് **1000** രൂപ സീനിയറേജ് വിലയും, ആയതിന്റെ **VAT, FDT,** റോയൽറ്റി, കളക്ഷൻ ചാർജ്ജ്, സർവീസ് ചാർജ്ജ് എന്നിവയും വകപ്പിൽ അടയ്ക്കേണ്ടതാണ്.

(ഡി) ഈ സംവിധാനം മണൽ മാഫിയ ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യഥാർത്ഥ ആവശ്യക്കാരന് മാത്രം മണൽ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) നേരത്തെ ഉണ്ടായിരുന്ന 'കലവറ' വഴിയുള്ള മണൽ വിതരണ സമ്പ്രദായത്തിൽ അപാകതകൾ കണ്ടെത്തിയതിനാൽ മണൽ വിതരണം നിർത്തൽ ചെയ്തിട്ടുള്ളതാണ്. യഥാർത്ഥ ആവശ്യക്കാരന് മാത്രം മണൽ ലഭ്യമാക്കുവാനാണ് പുതിയ പദ്ധതി ആവിഷ്കരിച്ചത്.

(ഇ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഈ പദ്ധതിയിലൂടെ എത്ര രൂപാ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(ഇ) കലവറ സമ്പ്രദായം നിലനിന്നിരുന്ന കാലയളവിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം പത്തനംതിട്ട ജില്ലയിലെ 14,484 രൂപയും, കൊല്ലം ജില്ലയിലെ 6,75,998 രൂപയും ചേർത്ത് ആകെ 6,90,482 രൂപ വരുമാനം ലഭിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ